പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1063 | 12.03.2015ൽ മറുപടിയ്ക്ക്

## സി.ബി.എസ്.ഇ., ഐ.എസ്.സി സ്കൂൾ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ.പി.കെ..അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ സി.ബി. എസ്.ഇ., ഐ..എസ്.സി സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും, മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച് ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസക്തഭാഗം വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിധിന്യായത്തിന്റെ പ്രസക്ത ഭാഗം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വിധി നടപ്പാക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണ്; വിശദമാക്കുമോ; | (ബി) | അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മാനേജ്മെന്റ് പ്രതിനിധികളും അദ്ധ്യാപക സംഘടനാ പ്രതിനിധികളും ഉൾപ്പെട്ട സംസ്ഥാനതല കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ അഫിലിയേഷനുള്ള എൻ.ഒ.സി നൽകുമ്പോൾ ജീവനക്കാർക്ക് ഗവൺമെന്റ് നിരക്കിലുള്ള വേതനം നൽകാമെന്ന് സ്കൂൾ അധികൃതരിൽ നിന്നും മുദ്രപത്രത്തിൽ ഉറപ്പ് എഴുതി വാങ്ങുന്നുമുണ്ട്. |
| (സി) | പ്രാദേശിക തലത്തിൽ ഇത്തരം സ്കൂളുകളുടെ നിയന്ത്രണത്തിന് കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള അധികൃതരുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് ന്യായമായ സംരക്ഷണം നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ അഫിലിയേഷനുള്ളതും സംസ്ഥാന സർക്കാർ എൻ.ഒ.സി നൽകിയിട്ടുള്ളതുമായ സ്കൂളുകളിലെ ജീവനക്കാർക്ക് ന്യായമായ സംരക്ഷണം നൽകാൻ കഴിയുന്ന സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്